**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2904** **03-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സിയുടെ ലാഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ശ്രീ. ടോമിൻ തച്ചങ്കരി സി.എം.ഡി ആയിരുന്ന കാലത്ത് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കിയിരുന്നുവെന്ന അവകാശവാദത്തിന്റെ യാഥാർത്ഥ്യമെന്താണ്; ആയതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ; | (എ) | കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ 31.03.2018-ൽ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിയിരുന്നു. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ നിന്ന് ഗണ്യമായ തുക കുറവ് വന്നിരുന്നു. 16.04.2018 മുതൽ 06.02.2019 വരെയുള്ള കാലഘട്ടത്തിലാണ് ശ്രീ.ടോമിൻ തച്ചങ്കരി കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചിരുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യുടേയും, കെ.യു.ആർ.ടി.സി.യുടെയും ടിക്കറ്റ്, ടിക്കറ്റിതര ആകെ വരുമാനം 2210.12 കോടി രൂപയാണ്. ശ്രീ.ടോമിൻ തച്ചങ്കരി കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറായിരുന്ന 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യുടെയും, കെ.യു.ആർ.ടി.സി.യുടെയും ടിക്കറ്റ്, ടിക്കറ്റിതര ആകെ വരുമാനം 2293.80 കോടി രൂപയായിരുന്നു. അതായത് മുൻവർഷത്തെ അപേക്ഷിച്ച് 83.68 കോടി രൂപയുടെ വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്. ശ്രീ.ടോമിൻ തച്ചങ്കരി CMD 2018-19 കാലത്തു KSRTC നഷ്ടത്തിൽ തന്നെ ആയിരുന്നു. 2015-16 വരെയുള്ള അക്കൗണ്ടസ് മാത്രമേ audit നടത്തി പൂർത്തികരിച്ചിട്ടുള്ളൂ. അതിനാൽ 2018-19ന്റെ നഷ്ടത്തിന്റെ കൃത്യമായ കണക്ക് audit-ന് ശേഷമേ കൃത്യമായി അറിയുവാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത വ്യക്തി സി.എം.ഡി. ആയിരുന്ന കാലഘട്ടത്തിൽ ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ കൃത്യമായി നല്കിയിരുന്നുവോ; ഇല്ലെങ്കിൽ അക്കാലത്തെ ലാഭക്കണക്കിൽ ഇപ്രകാരം നല്കാനുണ്ടായിരുന്ന ആനുകൂല്യങ്ങൾക്കുള്ള | (ബി) | ജീവനക്കാരുടെ ശമ്പളം യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. അക്കാലയളവിലും സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായവും ഉപയോഗപ്പെടുത്തിയാണ് ജീവനക്കാർക്ക് ശമ്പളം നൽകിയത്. ശ്രീ. ടോമിൻ തച്ചങ്കരി, ചെയർമാൻ & |

| | | | |
|---|---|---|---|
| | തുകകൂടി ഉൾപ്പെട്ടിരുന്നുവോ എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ? | | മാനേജിംഗ് ഡയറക്ടറായിരുന്ന കാലത്ത് സാമ്പത്തിക പ്രതിസന്ധി കാരണം ജീവനക്കാരുടെ മറ്റ് അലവൻസുകൾ, എൻ.ഡി.ആർ. എന്നിവ നൽകാൻ കഴിഞ്ഞിരുന്നില്ല. |

സെക്ഷൻ ഓഫീസർ